

# ഭയപ്പെടേണ്ടാ !

*ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള*

# വലിയ സന്തോഷത്തിന്റെ

*സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.*

(ലൂക്കാ 2:10)

ഡിസംബർ 2020

''ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു'' (ലൂക്കാ 2:10)

തണുത്തുറഞ്ഞതും ജാഗ്രതയേറിയതുമായ കോവിഡ് ക്രിസ്തുമസോ, ആകർഷകവും ഉത്സാഹഭരിതവുമായ ഹാപ്പി ക്രിസ്തുമസോ - ഏതാകും 2020 ലേത്? മഹാമാരിയുടെ കാർമേഘം ലോകമെങ്ങും ഇരുൾ പരത്തുമ്പോൾ നാം കാതോർക്കുന്ന സ്വരം ഭയാശങ്കകളിലേക്കാണോ, പ്രത്യാശാപൂരിതമായ ആത്മവിശ്വാസത്തിലേക്കാണോ നമ്മുടെ ഹൃദയം ചാഞ്ഞിരിക്കുന്നതെന്നു നിർണയിക്കുന്നു. ദൈവത്തെ അനുസരിക്കാതെ, സാത്താനാൽ വഞ്ചിക്കപ്പെട്ട ഹവ്വ ഇന്ദ്രിയങ്ങളെ ശ്രവിക്കാനാണു തീരുമാനിച്ചത്. പുതിയ ഹവ്വയായ മറിയമാകട്ടെ, ഹൃദയത്തിൽ മുട്ടിവിളിച്ച ഉത്കണ്ഠകൾക്കും ഭയത്തിനും ചെവികൊടുക്കാതെ, കന്യകയായിരിക്കെ ഗർഭവതിയാകുമെന്ന ഗബ്രിയേൽ ദൈവദൂതന്റെ വാക്കുകൾ ബോധപൂർവം വിശ്വസിക്കാൻ തീരുമാനിച്ചു. അനിശ്ചിതത്വത്തിന്റെ ഇക്കാലയളവിൽ പരിശുദ്ധ മാതാവിനെ അനുകരിക്കാൻ തീരുമാനിച്ചാൽ അന്ധകാരത്തിന് ഒരിക്കലും കീഴടക്കാനാവാത്ത ശാന്തിയുടെയും പ്രത്യാശയുടെയും കരോൾ ഗീതങ്ങൾ നമ്മുടെ ഹൃദയത്തിൽ അലയടിക്കും.

ഭയപ്പെടേണ്ട, ദൈവം നിന്നോടു കൂടെയുണ്ട് - മറിയത്തോടും (ലൂക്കാ 1:30) സഖറിയായോടും (ലൂക്കാ 1:15) ജോസഫിനോടും (മത്താ. 1:20) ആട്ടിടയരോടും (ലൂക്കാ 2:10) ദൈവം പറഞ്ഞ ഈ വാക്കുകൾ ഹൃദയം നവമായി ശ്രവിക്കട്ടെ. ഹേറോദേസ് രാജാവിന്റെ നിഷ്ഠൂരവും ചിലപ്പോഴെങ്കിലും ഭ്രാന്തവുമായ ഭരണത്തിൻ കീഴിലുള്ള പീഡിതജനതയുടെ അരികിലേക്കാണ് ഏകജാതനെ ദൈവം അയച്ചത്.

ദൈവസ്വരം ശ്രവിക്കുക എളുപ്പമല്ല, പ്രത്യേകിച്ച്, അന്ധകാരം ചുറ്റും നിന്ന് കീഴ്പ്പെടുത്താൻ ശ്രമിക്കുമ്പോൾ. മറിയവും സദൃശരായവരും നമുക്കു വഴികാട്ടുന്നു. ഇന്നും ക്രിസ്തുമസ് ദൈവത്തിന്റെ പരിധിയില്ലാത്ത സ്നേഹത്തിന്റെ (യോഹ. 3:16) ഉറപ്പാണ്. ജീവിതത്തിലെ 'ദൈവത്തിന്റെ അസാന്നിധ്യത്തിൽ' നിന്നാണ് ഭയവും ആകുലതയും ഉളവാകുന്നത്. ദൈവസ്വരം മാത്സര്യഭാവമുള്ള ഇതരശബ്ദങ്ങളിൽ മുങ്ങിപ്പോകുമ്പോൾ ഇതു സംഭവിക്കുന്നു. എപ്പോഴും കൂടെയുള്ള 'ഇമ്മാനുവേലാ'യ ദൈവത്തെ (മത്താ. 1:23) ഹൃദയത്തിൽ സ്വീകരിച്ച്

ഭയത്തിന്റെയും ആകുലതകളുടെയും 'ചെയിനുകളെ ബ്രേക്ക് ചെയ്ത്'വിമോചിതരാകാം.

നിതാന്ത ജാഗ്രതയില്ലെങ്കിൽ ക്വാറന്റൈൻ - ലോക് ഡൗൺ അന്തരീക്ഷം ശ്വാസം മുട്ടിക്കുന്നതാകാനിടയുണ്ട്. കർശനമായി പാലിക്കാൻ നിർദേശിക്കപ്പെട്ട സാമൂഹിക പരിധികൾ നാമറിയാതെ ഹൃദയത്തെ ഗ്രസിക്കുകയും ഇപ്പോഴും ദൈവം നിയന്താവാണെന്ന ആന്തരിക ബോധ്യത്തിന് മങ്ങലേൽപിക്കുകയും ചെയ്തേക്കാം. സുപരിചിത മേച്ചിൽപ്പുറങ്ങളുടെ സുരക്ഷിതത്വത്തിൽനിന്ന് തണുത്തുറഞ്ഞ രാത്രിയിലേക്കാണ് സദ്വാർത്ത കാണാൻ ഇടയന്മാർ സാഹസികമായി തിടുക്കത്തിൽ ഇറങ്ങിപ്പുറപ്പെട്ടത്. ആ ധൈര്യം കാട്ടിത്തരുന്നത് സകല അന്ധകാരത്തെയും കീഴ്പ്പെടുത്തിയ പ്രകാശം ദർശിക്കാനുള്ള തുറവി നമ്മെയും സഹായിക്കുമെന്നാണ്.

ക്രിസ്തുമസ് ദൈവകരുണയെ - സകല പാപങ്ങളും കഴുകിക്കളയുന്ന യേശുവിനെയാണ് വെളിപ്പെടുത്തുന്നത് (മത്താ. 1:21). വൈറസിൽനിന്നും സുരക്ഷിതരായിരിക്കാൻ സോപ്പും സാനിറ്റൈസറും ഉപയോഗിച്ച് ആവർത്തിക്കുന്ന കൈ കഴുകലുകൾ, അടിയന്തിരാവശ്യമായ ആഴമേറിയ കഴുകലിനെക്കുറിച്ചു സംസാരിക്കുന്നില്ലേ? തന്റെ രക്തത്താൽ കഴുകാനും വീണ്ടെടുക്കാനും വന്നവനെ പുതുനയനങ്ങളാൽ ദർശിക്കാൻ ജ്ഞാനികളൊപ്പം ബെത്‌ലെഹെമിലേക്ക് യാത്ര ചെയ്യാം. പാപത്തിന്റെ മുറവിളി കൂട്ടുന്ന ആരവങ്ങളുടെയും ഹൃദയബലഹീനതയുടെയും മേൽ ഉയരുന്ന സ്നാപക യോഹന്നാന്റെ ഉറപ്പേകുന്ന വാക്കുകൾ ശ്രവിക്കാം, ''ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'' (യോഹ. 1:29). അതെ, അവന്റെ രക്തം സകല പാപങ്ങളും കഴുകിക്കളയുന്നു. ജ്ഞാനികളോടും ഇടയന്മാരോടുമൊപ്പം മുട്ടുകൾ മടക്കാം. അവിടന്ന് ആഗ്രഹിക്കുന്ന ശ്രേഷ്ഠസമ്മാനമായ എന്റെ ഹൃദയത്തെ സ്വപ്നങ്ങളോടും നിരാശകളോടും കൂടെ അവിടത്തേക്കു നൽകാം.

മാസ്കുകളുടെ കാര്യക്ഷമതയെക്കുറിച്ച് ശാസ്ത്രലോകത്തിന് ഇക്കാലത്ത് ഏക അഭിപ്രായമാണ്. എന്നാൽ ക്രിസ്തുമസ് കടന്നുവരുന്നത് നാം അണിയുന്ന അദൃശ്യ ആവരണങ്ങളെ നീക്കം ചെയ്യാനും കൂടിയാണ്. തന്റെ പുത്രനെ മനുഷ്യകുലം ദർശിക്കുന്നതിനും രക്ഷിക്കപ്പെടുന്നതിനും വേണ്ടി ദൈവം അവനെ അനാവരണം ചെയ്യുന്നു. ക്രിസ്തുമസ് ദൈവത്തിന്റെ സ്വയംശൂന്യവത്ക്കരണം (കെനോസിസ്) പ്രഘോഷിക്കുന്നു (ഫിലി. 2:7). തൊഴുത്തിൽ പിറക്കുന്നതിനായി സ്വയം ശൂന്യവത്കരിച്ച ദൈവത്തെ ധ്യാനിക്കുന്നതുവഴി ശൂന്യവത്കരണമാണ് സ്നേഹമെന്നു തിരിച്ചറിയാനിടയാകട്ടെ. അഹത്തെയും സ്വാർത്ഥതയെയും ഒളിച്ചുവയ്ക്കുന്ന മുഖംമൂടികൾ അഴിച്ചു മാറ്റേണ്ടിയിരിക്കുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ ദർശനത്തിൽ സമാധാനം സ്വാർത്ഥതയുടെ മേലുള്ള വിജയമാണ്. ഈ ആഘോഷവേളയിലെ സമ്മാനങ്ങളുടെ കൈമാറ്റം സ്വയംദാനത്തിനുള്ള ആഗ്രഹത്തിന്റെ പ്രകാശനമാകട്ടെ.

ഇരുളിലും പ്രകാശം പരത്തുന്ന പ്രത്യാശയുടേതു കൂടിയാണ് ഈ മഹാമാരിയുടെ കാലയളവ്. അത്യാവശ്യ മെഡിക്കൽ ഉപകരണങ്ങളുടെ ദൗർലഭ്യമുൾപ്പെടെയുള്ള വെല്ലുവിളികളുടെ മധ്യത്തിലും ജീവൻ പണയപ്പെടുത്തിക്കൊണ്ടു മുന്നിട്ടിറങ്ങിയ ആരോഗ്യപ്രവർത്തകർ, വിവിധ കാര്യ നിർവഹണ ഏജൻസികൾ, സന്നദ്ധ സേവകർ തുടങ്ങിയവരുടെ നിസ്വാർത്ഥതയും മഹാമനസ്കതയും വെളിപ്പെടുത്തുന്നത് ആന്തരികമായി ആലേഖനം ചെയ്യപ്പെട്ട മനുഷ്യജീവന്റെ മൂല്യവും മാഹാത്മ്യവുമാണ്. ഏറ്റവും ദരിദ്രമായ സാഹചര്യങ്ങളിൽ പിറന്നുവീണ ശിശു ദാരിദ്ര്യത്തിൽ മറഞ്ഞു കിടക്കുന്ന നന്മയെ ധ്യാനിക്കുവാൻ പ്രേരിപ്പിക്കുന്നു. സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും പ്രമേയമാക്കിയ പുതിയ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് പാപ്പാ ഓർമിപ്പിക്കുന്നു, ''ഏറ്റവും എളിയവരും ദുർബലരും ദരിദ്രരും നമ്മുടെ ഹൃദയത്തെ സ്പർശിക്കണം. നമ്മുടെ ഹൃദയത്തോടും ആത്മാവിനോടും അഭ്യർഥിക്കാൻ അവർക്ക് അവകാശമുണ്ടുതാനും. അവർ നമ്മുടെ സഹോദരീസഹോദരന്മാരാണ്. അതിനാൽ അവരെ സ്നേഹിക്കുകയും കരുതുകയും വേണം'' [''സഹോദരർ സർവരും'' (ഫ്രത്തേല്ലി തൂത്തി) #194].

ദൈവം എപ്പോഴും, ഇരുളിലും നിശബ്ദതയിൽപോലും, സംസാരിക്കുന്നു. ബെത്‌ലെഹെമിൽ തടിച്ചു കൂടിയ പതിനായിരങ്ങൾ അറിയാതെ ആദ്യ ക്രിസ്തുമസ് കടന്നു പോയി. എന്നാൽ ദൈവത്തിന്റെ സ്വരം ശ്രവിക്കുകയും പ്രത്യുത്തരമേകുകയും ചെയ്തവർക്കു മുമ്പിൽ പ്രത്യാശയുടെയും ആനന്ദത്തിന്റെയും പുതിയ പാത തുറക്കപ്പെട്ടു. സദ്വാർത്ത നവമായി കേൾക്കാനും പുത്തൻ ഉത്സാഹത്തോടെ അതിന്റെ ദൂത് ആശ്ലേഷിക്കാനും ഈ ക്രിസ്തുമസ് സഹായിക്കട്ടെ.

ജീസസ് യൂത്ത് കുടുംബാംഗങ്ങൾ ഓരോരുത്തർക്കും അനുഗ്രഹീതമായ ക്രിസ്തുമസും ശ്രേയസ്കരമായ പുതുവത്സരവും ആശംസിക്കുന്നു.

**ബിഷപ്പ് റാഫേൽ തട്ടിൽ**
സഭാത്മക ഉപദേഷ്ടാവ്,
ജീസസ് യുത്ത് അന്താരാഷ്ട്ര കൗൺസിൽ